**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1515** **07-10-2021 - ൽ മറുപടിയ്ക്ക്**

**റീസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റീസർവേ പ്രശ്നവും പരാതികളും പരിഹരിച്ചിട്ടാല്ലായെന്ന കാരണത്താൽ പല വില്ലേജ് ഓഫീസുകളിലും ഭൂനികുതി അടക്കമുള്ള നികുതികൾ സ്വീകരിക്കാതിരിക്കുന്നത് ജനങ്ങളെ വലയ്ക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അറിയിക്കാമോ; | (എ) | പരമ്പരാഗത രീതിയിലുള്ള റീസർവ്വെ നടത്തിയിട്ടുള്ള വില്ലേജുകളിൽ റീസർവ്വെ അപാകത പരിഹരിക്കാത്തതുമൂലം ഭൂനികുതി ഒടുക്കാൻ കഴിയാത്ത ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാസർകോട് ജില്ലയിൽ റീസർവേ നടന്നതും നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ വില്ലേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിലെ മധൂർ, പട്ടള, ഷിരിബാഗില്പ, പുത്തൂർ, കുഡ് ലു, ഉദ്മ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്ഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പിലിക്കോട്, കണ്ണൂരു, കോയിപ്പാടി, ഇച്ചിലംപാടി, മൊഗ്രാൽ, ഉപ്പള, കൊടിബയൽ, മംഗൽപാടി, മുളിഞ്ച എന്നീ വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ ഹോസ്ദുർഗ്ഗ് താലൂക്കിലെ തിമിരി, പുതുക്കൈ, ബല്ല എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികളാണ് ജില്ലയിൽ പുരോഗമിച്ചുവരുന്നത്. |
| (സി) | ഈ വില്ലേജുകളിലെ പല സ്ഥലം ഉടമകൾക്കും ഭൂനികുതി അടയ്ക്കാൻ സാധിക്കുന്നില്ലെന്നത് ശരിയാണോ; | (സി) | ഭൂരേഖയിലും ഭൂമിയിലുമുള്ള വിസ്തീർണ്ണത്തിലെ വ്യത്യാസം, കൂട്ടുതണ്ടപ്പേരിലുള്ള വസ്തുവിന്റെ അതിർത്തി പ്രത്യേകം തിരിക്കാത്തത് എന്നിങ്ങനെയുള്ള റീസർവ്വെയിലെ ചില അപാകതകൾ കാരണം പല ഭൂഉടമകൾക്കും നികുതി അടക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ഇത്തരം അപാകതകൾ പരിഹരിച്ച് ഭൂനികുതി അടച്ച് നൽകിവരുന്നു. |
| (ഡി) | റീസർവേ കഴിഞ്ഞ് ട്രഷറിയിൽ ചലാൻ അടച്ച് ആറുമാസം കഴിഞ്ഞിട്ടും റീസർവേ ഓഫീസിൽ ഫയൽ എത്തിയിട്ടില്ലെന്നത് ശരിയാണോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ? | (ഡി) | റീസർവ്വെ പൂർത്തീകരിച്ച വില്ലേജുകളിൽ റീസർവ്വെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അധികാരി ഭൂരേഖ തഹസിൽദാർ ആണ്. ഇത്തരത്തിലുള്ള ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാൽ ടി അപേക്ഷകൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും ആയത് |

| | | | |
|---|---|---|---|
| | | | അപേക്ഷയുടെ മുൻഗണന ക്രമത്തിൽ ഭൂരേഖ തഹസിൽദാർമാരുടെ നേതൃത്വത്തിൽ പ്രത്യേക സർവ്വെ ടീമുകൾ പരിഹരിച്ചുവരുന്നുണ്ട്. പരാതികൾ തരംതിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെ നടപടികൾ കൂടി വരുന്നതോടെ പ്രശ്നപരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ